# സി.എസ്.ഐ. ആർ-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡർഡിസിപ്ലിനറി, സയൻസ് & ടെക്നോളജി

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ. തിരുവനന്തപുരം-695 019
Phone No. 0471- 2535530


NIISТ/ESD-C/WKS/158/2018 Dated: 09-04-2018

## കായ്ഫലങ്ങൾ വില്പനക്കുള്ള ദർഘാസ് പരസ്യം

തിരുവനന്തപുരത്ത് പാപ്പനംകോട്ടുള്ള **NIIST** (മുൻ റീജണൽ റിസർച്ച് ലാബററ്ററി) ക്യാമ്പസ്സിലെ ഉദ്ദേശം 40 ഏക്കർ സ്ഥലത്തെ തെങ്ങുകളിൽ നിന്നും മറ്റു ഫലവൃക്ഷങ്ങളായ മാവ്, പ്ലാവ്, കശുമാവ് & പുളി എന്നിവകളിൽ നിന്നുള്ള കായ്ഫലങ്ങൾ രണ്ടു വർഷ കാലയളവിലേക്ക് പാട്ടത്തിനു കൊടുക്കുന്നതിനുള്ള മുദ്രവച്ച ദർഘാസുകൾ ടി സ്ഥാപനത്തിലെ ഡയറക്ടർ ക്ഷണിച്ചുകൊള്ളുന്നു. താല്പര്യമുള്ളവർ ദർഘാസുകൾക്കുവേണ്ടിയുള്ള അപേക്ഷ ഡയറക്ടർ **NIIST** ന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന 168/- (നൂറ്റി അറുപത്തിയെട്ട്) രൂപയുടെ ഡ്രാഫ്റ്റ് ദർഘാസിന്റെ വിലയായി 18-04-2018 മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസിനോടൊപ്പം 10,000/- രൂപയുടെ നിരതദ്രവ്യം ഡയറക്ടർ **NIIST** യുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന രീതിയിൽ ഡി.ഡി.ഉള്ളടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ 20-04-2018 വൈകുന്നേരം 2.30 മണിക്കു മുമ്പായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, നിസ്റ്റ് മുമ്പാകെ സമർപ്പിക്കേണ്ടതും ദർഘാസുകൾ അന്നേദിവസം 3.00 p.m ന് സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏറ്റവും കൂടുതൽ തുകയ്ക്കുള്ള ദർഘാസ് നിയമാവലിക്കു വിധേയമാണെങ്കിൽ സ്ഥിരപ്പെടുത്തുന്നതായിരിക്കും. സ്ഥിരപ്പെടുത്തുന്ന കരാറുകാരൻ വാഗ്ദാനം ചെയ്ത തുകയുടെ 1/4 (നാലിലൊന്ന്) ഒരാഴ്ചക്കുള്ളിൽ ഓഫീസിൽ അടച്ചു കരാർ പത്രത്തിൽ ഒപ്പിടേണ്ടതാണ്. നിരതദ്രവ്യവും ഒപ്പും ഇല്ലാത്ത ദർഘാസ് പരിഗണിക്കുന്നതല്ല. ദർഘാസ് സ്വീകരിക്കാനോ, കാരണം കാണിക്കാതെ നിരാകരിക്കാനോ ഉള്ള പൂർണ്ണ അധികാരം ഡയറക്ടർ - **NIIST**ൽ നിക്ഷിപ്തമായിരിക്കും. വിശദവിവരങ്ങൾക്കും കാമ്പസ് നേരിൽ സന്ദർശിക്കുന്നതിന് സൂപ്രണ്ടിംഗ് ഇൻജീനിയർ, സിവിൽ എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെടേണ്ടതാണ് നിയമാവലി നേരിൽ കാണുവാൻ **www.niist.res.in** സന്ദർശിക്കാവുന്നതാണ്.

(ഹെഡ് ഇ.എസ്.ഡി)

# സി.എസ്.ഐ.ആർ-നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡർഡിസിപ്ലിനറി, സയൻസ് & ടെക്നോളജി

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ. തിരുവനന്തപുരം-695 019

ഫോൺ 0471-2535530, 2515298


NIISТ/117/WKS-C/NIT/2018 dated:09-04-2018

## കായ്ഫലങ്ങൾ ലേലത്തിൽ പിടിക്കുന്നതിനുള്ള നിയമാവലി

1. താല്പര്യമുള്ള ദർഘാസുകാർ പ്രസ്തുത സ്ഥലം സന്ദർശിച്ച് കായ്ഫലങ്ങളുടെ അളവും ഗുണവും നിജപ്പെടുത്തേണ്ടതാണ്. വൃക്ഷങ്ങൾ എണ്ണി തിട്ടപ്പെടുത്തി ഇനം തിരിച്ച് ഓഫീസിനെ അറിയിക്കേണ്ടതാണ്.

2. കായ്ഫലങ്ങളുടെ വൃക്ഷങ്ങൾ നില്ക്കുന്ന സ്ഥലത്തിന്റെ രേഖാചിത്രം ദർഘാസിനോടൊപ്പം ചേർത്തിട്ടുള്ളതും ലേലം പിടിക്കുന്ന ദർഘാസുകാരന് ഉടമ്പടിയിൽ ചേർത്ത് കൊടുക്കുന്നതുമാണ്. ടി രേഖാചിത്രം യാതൊരു കാരണവശാലും ദുർവിനിയോഗം ചെയ്യുവാൻ പാടില്ല.

3. കരാർ പിടിക്കുന്ന ദർഘാസുകാർ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും നിബന്ധനകൾക്ക് വിധേയമായി നോട്ടക്കാരെ വേണമെങ്കിൽ ഏർപ്പെടുത്താവുന്നതാണ്. ഓഫീസിന് കായ്ഫലങ്ങളുടെ കരാർ സ്ഥിരപ്പെടുത്തിയതിനു ശേഷം യാതൊരു രീതിയിലുള്ള ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

4. ഓഫീസിന്റെ ആവശ്യത്തിനായി ഭൗതിക സാഹചര്യം ഒരുക്കുമ്പോൾ (കെട്ടിടങ്ങൾ, റോഡ് മുതലായ വികസന പ്രവർത്തനത്തിന്) തടസ്സമുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റേണ്ടി വന്നാൽ അതിനു യാതൊരുവിധ നഷ്ടപരിഹാരവും നല്കുന്നതല്ല. മുറിച്ചു മാറ്റുന്നതിനു മുൻപ് കരാറുകാരനെ രേഖാമൂലം അറിയിക്കുന്നതും പ്രസ്തുത വൃക്ഷങ്ങളിലെ കായ്ഫലങ്ങൾ കരാറുകാരൻ നീക്കം ചെയ്യേണ്ടതും ആകുന്നു.

5. സാധാരണ ഗതിയിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ദർഘാസ് സ്ഥിരപ്പെടുത്തുന്നതായിരിക്കും. എന്നിരുന്നാലും ദർഘാസ് പൂർണ്ണമായോ ഭാഗികമായോ സ്വീകരിക്കാനോ നിരാകരിക്കാനോ ഉള്ള വിവേചനാധികാരം ഡയറക്ടർ, നിസ്റ്റിൽ നിഷിപ്തമായിരിക്കും.

6. ദർഘാസ് സ്ഥിരപ്പെടുത്തിയതായി അറിയിപ്പു കിട്ടിയാൽ വാഗ്ദാനം ചെയ്ത തുകയുടെ നാലിലൊന്ന് 7 ദിവസത്തിനകം ഓഫീസിൽ ഒടുക്കുകയും, 200 രൂപ മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പുവയ്ക്കേണ്ടതുമാണ്. ബാക്കി തുക 3 തുല്യ ഗഡുക്കളായി 6-ാം മാസം, 12-ാം മാസം, 18-ാം മാസം എന്നീ ക്രമപ്രകാരം ഓഫീസിൽ അടക്കേണ്ടതാണ്. വീഴ്ചവരുത്തിയാൽ കായ്ഫലങ്ങൾ നീക്കം ചെയ്യാൻ തന്ന അവകാശം പിൻവലിക്കുന്നതായിരിക്കും.

7. ദർഘാസ് സമർപ്പിക്കുന്നതോടൊപ്പം കരാറുകാരൻ നിരതദ്രവ്യമായി **10,000/-** (പതിനായിരം) രൂപ, ഡയറക്ടർ NIIST ന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന DD ഉള്ളടക്കം ചെയ്യേണ്ടതാണ്.

8. കരാറുകാരൻ യാതൊരു കാരണവശാലും മരങ്ങൾ മുറിക്കുകയോ, സ്ലോട്ടർ ഹാർവസ്റ്റിംഗ് (കാലാവധി തീരുന്നതിനു തൊട്ടുമുമ്പ് വിളയാത്ത കായ്ഫലങ്ങൾ മുറിച്ചു മാറ്റുന്നത്) എടുക്കുകയോ ചെയ്യാൻ പാടില്ല. ഏതെങ്കിലും കാരണവശാൽ വൃക്ഷങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയോ മുറിക്കുകയോ ചെയ്താൽ നഷ്ടപരിഹാരത്തുക നിരദ്രവ്യത്തിൽ നിന്നും വസൂൽ ചെയ്യുന്നതായിരിക്കും. ഈതുക എത്രയെന്ന് ഡയറക്ടർ നിസ്റ്റ് തീരുമാനിക്കുന്നത് അന്തിമമായിരിക്കും. ഉണങ്ങിയ തെങ്ങോല കൊതുമ്പ്, ഒഴിച്ച് മറ്റൊന്നും കൊണ്ടുപോകാൻ പാടുള്ളതല്ല. കായ്ഫലങ്ങൾ എടുക്കുന്നതിന് മുൻപ് ഓഫീസിന്റെ മുൻകൂർ അനുമതി നേടേണ്ടതും, അനുമതിയുടെ വെളിച്ചത്തിൽ കരാറുകാരൻ office security യുമായി ബന്ധപ്പെട്ട തൊഴിലാളികൾ campus കയറുന്നതിന് അനുവാദം വാങ്ങേണ്ടതാണ്.

9. വൃക്ഷങ്ങളുടെ കേടുപാടുകൾക്കോ, കായ്ഫലങ്ങളുടെ കുറവിനോ, പ്രകൃതിദത്തമായി വരുന്ന നാശനഷ്ടങ്ങൾക്കോ ഓഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല.

10. കരാറുകാർ ഓഫീസിലെ സുരക്ഷാ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുകയും അവരുടെ അനുവാദത്തോടെയും മാത്രമേ ക്യാമ്പസിൽ കയറാൻ പാടുള്ളൂ.

11. കായ്ഫലങ്ങൾ എടുക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ തൊഴിൽ പ്രശ്നങ്ങളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്. എന്നിരുന്നാലും മറ്റു ഗവ:വകുപ്പുകളുമായി ബന്ധപ്പെടുന്നതിനു മുമ്പ് ഓഫീസിന്റെ അനുമതി വാങ്ങേണ്ടതാണ്.

12. കരാർ സ്ഥിരപ്പെടുത്തി അറിയിപ്പ് കിട്ടി 7 ദിവസത്തിനകം വാഗ്ദാനം ചെയ്ത തുകയുടെ നാലിലൊന്ന് ഓഫീസിലടച്ചില്ലങ്കിൽ ദർഘാസ് സ്ഥിരപ്പടുത്തുന്നത് പിൻവലിക്കുകയും നിരതദ്രവ്യമായ 10,000/- രൂപ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്യും.

13. ഈ നിയമാവലി ടെണ്ടർ നോട്ടീസിൽ വിശദീകരിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

14 ഇതുമായി ബന്ധപ്പെടുന്ന എല്ലാ തൊഴിൽ പ്രശ്നങ്ങളും കരാറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും പരിഹരിക്കേണ്ടതാണ്.

സൂപ്രണ്ടിംഗ് ഇൻജിനീയർ (സിവിൽ)

ഹെഡ്,ഇ.എസ്.ഡി.